പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 5826 | 28/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**പായ്ക്ക് ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ**<br>**,, പി.വി. അൻവർ**<br>**,, എൻ. വിജയൻ പിള്ള**<br>**,, ബി.സത്യൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | രാജ്യത്ത് വിൽക്കുന്ന കുപ്പിവെള്ളത്തിന്റെ സിംഹഭാഗവും മലിനമാണെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രത്യേക പരിശോധന നടത്താൻ തയ്യാറാകുമോ; | എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് കുടിവെള്ള സംഭരണ വിതരണ കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തുന്നുണ്ട്. |
| ബി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കുടിവെള്ള പാക്കേജിംഗ് കമ്പനികൾ എത്രയെന്ന് അറിയിക്കാമോ; ഈ കമ്പനികൾ പായ്ക്ക് ചെയ്യുന്ന കുടിവെള്ളം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ; | ബി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം രജിസ്ട്രേഷൻ /ലൈസൻസ് ഉള്ള 105 കുടിവെള്ള പാക്കേജിംഗ് കമ്പനികൾ ഉണ്ട്. പ്രസ്തുത കമ്പനികൾ പാക്ക് ചെയ്ത് വിതരണം ചെയ്യുന്ന വെള്ളം ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ ബി.ഐ.എസ് സർട്ടിഫിക്കേഷൻ ഉള്ള കമ്പനികൾക്കു മാത്രമേ ലൈസൻസ് നൽകാറുമുള്ളൂ. പ്രസ്തുത കമ്പനികളുടെ വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് തുടർപരിശോധനകൾ നടത്തി ഗുണനിലവാരമില്ലാത്തവയ്ക്ക് എതിരെ അഡ്ജുഡിക്കേഷൻ/ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ സംസ്ഥാനത്ത് കൊണ്ടുവന്ന് വില്പന നടത്തുന്ന കുടിവെള്ളം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താനും, ഗുണനിലവാരമില്ലാത്ത കുടിവെള്ളം സംസ്ഥാനത്ത് വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ? | സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ സംസ്ഥാനത്ത് കൊണ്ടുവന്ന് വില്പന നടത്തുന്ന കമ്പനികളുടെ വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ അനലിറ്റിക്കൽ ലാബുകളിലും മൊബൈൽ വിജിലൻസ് ലാബുകളിലും പരിശോധന നടത്തി ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം അഡ്ജുഡിക്കേഷൻ/ പ്രോസിക്യൂഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ